# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1886

16.06.2014-ൽ മറുപടിയ്ക്ക്

## വാഹന പരിശോധന

**ചോദ്യം**

ശ്രീമതി.കെ.എസ്.സലീഖ

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) വാഹന പരിശോധനയുടെ പേരിൽ പോലീസുകാർ ജനത്തെ തടഞ്ഞു നിർത്തി അനാവശ്യമായി പീഡിപ്പിക്കുന്നതായും അപമര്യാദയായി പെരുമാറുന്നതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടുവോ;

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബ) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം പരാതികളിന്മേൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ഇക്കാര്യത്തിന് കാലാകാലങ്ങളിൽ പോലീസ് ആസ്ഥാനത്തുനിന്നും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കണമെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ 11/13 തീയതി 09.05.2013 പ്രകാരം വാഹനപരിശേധന എല്ലാം തന്നെ

വീഡിയോ ക്യാമറയിൽ പകർത്തണമെന്ന് വ്യക്തമാക്കി നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**(സി)** ഇത്തരം പരാതികളുടെ അടിസ്ഥാനത്തിൽ ഈ സർക്കാർ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; അവർ ആരെല്ലാം; വ്യക്തമാക്കുമോ?

**(സി)** ഏഴ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു. ഉദ്യോഗസ്ഥരുടെ പേരു വിവരം താഴെപ്പറയുന്നു.

കൊച്ചി സിറ്റി

1. കുഞ്ഞുമോൻ,എ.എസ്.ഐ(ഗ്രേഡ്)
2. രാജേഷ്, സി.പി.ഒ
3. കെ.എം.ഷംസുദീൻ, എസ്.ഐ
4. മണിക്കുട്ടൻ, സി.പി.ഒ
5. ജയദേവൻ, സീനിയർ സി.പി.ഒ

കാസർഗോഡ്

1. വിജയൻ, എസ്.ഐ (ഗ്രേഡ്)
2. രവീന്ദ്രൻ, എസ്.ഐ (ഗ്രേഡ്)

**സെക്ഷൻ ഓഫീസർ**